<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2760</u> | <u>03-08-2021 - ൽ മറുപടിയ്ക്ക്</u>

<u>കർഷകർക്ക് ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏതൊക്കെ തരത്തിലുള്ള സഹായമാണ് കർഷകർക്ക് ഇപ്പോൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ; | (എ) | ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാന കൃഷി വകുപ്പിന്റെ വെബ് പോർട്ടലാണ് Agriculture Information Management System (AIMS). പ്രസ്തുത പോർട്ടലിനു കീഴിൽ പ്രകൃതിദുരന്തം കാരണമുണ്ടായ വിള നാശങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷ, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം, നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകൽ, നെൽ കൃഷി യോഗ്യമായ നെൽ വയലുടമകൾക്കുള്ള റോയൽറ്റി, കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി എന്നീ പദ്ധതികളിലെ സേവനങ്ങൾ, കർഷകരുടെ അപേക്ഷ സ്വീകരിക്കുന്നത് മുതൽ ആനുകൂല്യ വിതരണം വരെയുള്ള എല്ലാ നടപടിക്രമങ്ങളും ഇപ്പോൾ ഓൺലൈൻ മുഖേനയാണ് നടന്നു വരുന്നത്. കൂടാതെ കാർഷിക മേഖലയുടെ വികസനത്തിനായി നവമാദ്ധ്യമങ്ങളുടെ സേവനം വിനിയോഗിച്ചും, വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയും താഴെ പറയുന്ന സേവനങ്ങൾ കർഷകർക്കായി നിലവിൽ ഡിജിറ്റൽ രൂപത്തിൽ നൽകുന്നുണ്ട്. കാർഷിക വിവര സങ്കേതം വെബ് പോർട്ടൽ -www.krishi.info - വിവര വിനിമയ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഒരുക്കുന്ന ഏക ജാലക സംവിധാനമാണ് "കാർഷിക വിവര സങ്കേതം –ഒരു വിരൽതുമ്പിൽ" എന്ന വെബ് പോർട്ടൽ. മൊബൈൽ ആപ്ലിക്കേഷൻ- കൃഷിഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി കാർഷിക വിവര സങ്കേതം –ഒരു വിരൽതുമ്പിൽ എന്ന മൊബൈൽ ആപ്ലിക്കേഷൻ. കൃഷി മന്ത്രി വിളിപ്പുറത്ത് - ബഹുമാനപ്പെട്ട കൃഷി മന്ത്രി കർഷകരുമായി നേരിട്ടു സംവദിക്കുന്ന പരിപാടി ഫേസ്ബുക്ക് ഗ്രൂപ്പ്-കാർഷിക വിവര സങ്കേതം, ഫേസ്ബുക്ക് ലൈവ്- ഓൺലൈൻ |

ഫാർമേഴ്സ് ഫീൽഡ് സ്കൂൾ - കർഷകർക്കുള്ള തത്സമയ പരിശീലന പരിപാടി വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ എസ്.എം.എസ്–www.mkisan.gov.in– കേന്ദ്രഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള mkisan.gov.in എന്ന എസ്.എം.എസ് പ്ലാറ്റ്ഫോമിലൂടെ സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലകൃഷി ഉദ്യോഗസ്ഥർ കർഷകർക്ക് എസ്.എം.എസ്. മുഖേന നവീന കൃഷി രീതികളെക്കുറിച്ചും കൃഷിവകുപ്പിന്റെ വിവിധ സ്കീമുകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നു. FEM@Mobile - കാർഷിക വികസന കർഷക ക്ഷേമവകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനായ FEM@Mobile, വെബ്സൈറ്റായ www.farmextensionmanager.com എന്നിവ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർത്ഥികൾ, പുരോഗമനോന്മുഖരായ കർഷകർ എന്നിവർക്ക് വളരെ പ്രയോജനപ്രദമാണ്. ASHA Portal - വിദഗ്ദരായ തൊഴിലാളികളുടെ സഹായത്തോടെ കാർഷിക യന്ത്രങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്കും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ASHA പോർട്ടൽ എന്ന (www.asha.kerala.gov.in) സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. K-SWIFT Portal- വളം ഉത്പാദനം, മൊത്തക്കച്ചവടം, ചില്ലറ വില്പന വ്യവസായം/ വ്യാപാരം ചെയ്യുന്നതിനുള്ള പുതിയ ലൈസൻസ്, കീടനാശിനി ഉത്പാദനം, മൊത്തക്കച്ചവടം, ചില്ലറവില്പന വ്യവസായം/വ്യാപാരം ചെയ്യുന്നതിനുള്ള പുതിയ ലൈസൻസ്, പെസ്റ്റ് കണ്ട്രോൾ ഓപ്പറേഷൻസുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള പുതിയ ലൈസൻസ് തുടങ്ങിയ ലൈസൻസുകൾ നൽകുന്നതിനുള്ള നടപടികൾ നിലവിൽ പൂർണ്ണമായും K-SWIFT മുഖേനയാണ് നടത്തുന്നത്. www.kswift.kerala.gov.in എന്ന കേരള സർക്കാരിന്റെ തന്നെ പോർട്ടലിലാണ് ഏകജാലക സംവിധാനം എന്ന നിലയിൽ ഈ സൗകര്യം പ്രവർത്തിക്കുന്നത്. സേവന പെൻഷൻ പോർട്ടൽ - പദ്ധതി പൂർണ്ണമായും ഓൺലൈനായി www.welfarepension.lsgkerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ചെറുകിട നാമമാത്ര കർഷക പെൻഷൻ ആനുകൂല്യങ്ങൾ നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഡി.ബി.റ്റി. മുഖേന വിതരണം നടത്തുന്നു. മേൽസൂചിപ്പിച്ച സൗകര്യങ്ങൾ കൂടാതെ കേന്ദ്ര സർക്കാർ പദ്ധതികളുടെ

| | | | |
|---|---|---|---|
| | | | നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വെബ് പോർട്ടലുകളും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. PM-KISAN SAMMAN NIDHI portal- www.pmkisan.gov.in സോയിൽ ഹെൽത്ത് കാർഡ് പോർട്ടൽ- www.soilhealth.dac.gov.in |
| (ബി) | കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി, കൃഷി വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും, പ്രവർത്തനങ്ങളെയും, സേവനങ്ങ ളെയും ഏകോപിപ്പിക്കുന്നതിനുള്ള ബൃഹത്തായ ഒരു ഡിജിറ്റൽ ഓൺലൈൻ സംവിധാനം Agriculture Information Management System (AIMS) എന്ന പേരിൽ വികസിപ്പിച്ചു വരുന്നു. |
| (സി) | എയിംസ് ആപ്പിലൂടെ കൂടുതൽ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ സർക്കാർ തയ്യാറാവുമോ എന്നറിയിക്കാമോ? | (സി) | കൃഷി വകുപ്പിന്റെ മുഴുവൻ പദ്ധതികളും, പ്രവർത്തനങ്ങളും, സേവനങ്ങളും ഓൺലൈൻ സേവനങ്ങളാക്കി മാറ്റി, കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ (എയിംസ് ആപ്പ്) വഴിയോ ഓൺലൈൻ പോർട്ടൽ വഴിയോ എല്ലാ അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ